Sunday
Vol. 14 No. 27 CYCLE - C
# വെർബും ദോമിനി
VERBUM DOMINI
ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ
2025 മെയ് 25

## പെസഹാക്കാലം ആറാം ഞായർ

# അമൂല്യമായ വാഗ്ദാനങ്ങൾ

ഫാ. യേശുദാസ് പ്രകാശ് CSJ



**യാ**ത്രകൾ എപ്പോഴും ഒരു മടക്കയാത്രയ്ക്ക് വേണ്ടിയുള്ളതാണ്. യേശുവും ഒരു മടക്കയാത്രയ്ക്കു വേണ്ടിയുള്ള ഒരുക്കത്തിലാണ്. പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്ന ക്രിസ്തു തന്റെ മടക്കയാത്രയ്ക്ക് മുൻപായി തന്റെ പ്രിയപ്പെട്ട ശിഷ്യന്മാരെ ഏൽപ്പിച്ചു പോകുന്ന അമൂല്യമായ മൂന്ന് വാഗ്ദാനങ്ങളാണ് വി. യോഹന്നാൻ തന്റെ സുവിശേഷത്തിലൂടെ (യോഹ. 14: 23 - 29) നമ്മോട് പങ്കുവയ്ക്കുന്നത്. സ്നേഹിക്കുക എന്നാൽ വചനം പാലിക്കുവാൻ നമ്മെ ക്ഷണിക്കുന്നതാണെന്നും, പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയെന്നാൽ നമ്മെ എല്ലാ കാര്യങ്ങളും പഠിപ്പിക്കുകയും അനുസ്മരിപ്പിക്കുകയും ചെയ്യുന്ന ഒരു സഹായകനെ നമുക്ക് ലഭിക്കുമെന്നും, ഹൃദയത്തിന്റെ അസ്വസ്ഥത അകറ്റുവാനും ഭയപ്പെടാതിരിക്കുവാനും ക്രിസ്തു നൽകുന്ന സമാധാനം ഉൾക്കൊള്ളുവാനുമുള്ള വാഗ്ദാനം നൽകുകയും ചെയ്യുന്നു.

**1. സ്നേഹം: വചനം പാലിക്കുക**

ദൈവത്തെ സ്നേഹിക്കുകയെന്നാൽ വചനം പാലിക്കുക എന്നു കൂടിയാണ് അർത്ഥമെന്ന് ക്രിസ്തു നമ്മെ ഓർമ്മപ്പെടുത്തുന്നു. "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും." സ്നേഹമെന്ന വചനത്തിന്റെ വിത്താണ് അനുസരണം എന്ന ഫലം ഉളവാക്കുന്നതെന്ന് നാം അറിയണം. വചനം പാലിക്കുന്നവർക്ക് യേശു നൽകുന്ന മറ്റൊരു സമ്മാനം: "എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തു വന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും." ഓർക്കുക, ക്രിസ്തുവിനെ സ്നേഹിക്കുകയും, അവിടുത്തെ വചനം പാലിക്കുകയും ചെയ്യുമ്പോൾ, ഞാനും നിങ്ങളും പരി. ത്രിത്വത്തിന്റെ വാസത്തിലേക്ക് ക്ഷണിക്കപ്പെടുകയാണ്. അതിനാൽ ക്രിസ്തുവിനെ സ്നേഹിച്ചുകൊണ്ടും, അവിടുത്തെ വചനം പാലിച്ചുകൊണ്ടും പരിശുദ്ധ ത്രിത്വത്തിന്റെ വാസം നമുക്ക് സ്വന്തമാക്കാം.

**2. പരിശുദ്ധാത്മാവ്: പഠിപ്പിക്കുന്നു, അനുസ്മരിപ്പിക്കുന്നു.**

പിതാവ് അയക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് നമ്മുടെ ജീവിതത്തിൽ രണ്ട് കാര്യങ്ങൾ വാഗ്ദാനം ചെയ്യുന്നു. എല്ലാ കാര്യങ്ങളും നമ്മെ പഠിപ്പിക്കുകയും, പറഞ്ഞിട്ടുള്ളതെല്ലാം നമ്മെ അനുസ്മരിപ്പിക്കുകയും ചെയ്യും. ക്രിസ്തു തന്റെ പരസ്യജീവിതം മുതൽ നമ്മെ പഠിപ്പിച്ച കാര്യങ്ങൾ ഓരോന്നായി ആവശ്യാനുസരണം വീണ്ടും നമ്മെ പഠിപ്പിക്കും. ജീവിതത്തിലായിരുന്നാലും, പഠന മേഖലകളിലായാലും സഹായകനായ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിച്ചാൽ ജീവിതവിജയം നേടുവാൻ അവിടുന്ന് നമ്മെ സഹായിക്കും. ഒപ്പം ക്രിസ്തു നൽകിയ പുതിയ കൽപനയായ "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" എന്ന സ്നേഹത്തിന്റെയും, ക്രൈസ്തവന്റേതുമായ മുഖമുദ്രയോടെ ഓരോ നിമിഷവും ജീവിക്കാൻ നമ്മെ അനുസ്മരിപ്പിക്കുകയും ചെയ്യും. സഹായകനായ പരിശുദ്ധാത്മാവിനെ സ്വീകരിച്ചുകൊണ്ട് അവിടുന്ന് പഠിപ്പിക്കുകയും, അനുസ്മരിപ്പിക്കുകയും ചെയ്യുന്നതനുസരിച്ച് നമുക്ക് ജീവിക്കാം.

**3. സമാധാനം: അസ്വസ്ഥതയും, ഭയവും അകറ്റുന്നു.**

അസ്വസ്ഥതയും ഭയവും നിറഞ്ഞ ഈ ലോകത്തിന് ക്രിസ്തു നൽകുന്ന അമൂല്യ വാഗ്ദാനമാണ്: "ഞാൻ നിങ്ങൾക്ക് സമാധാനം തന്നിട്ടു പോകുന്നു." ക്രിസ്തു വീണ്ടും നമ്മെ ഓർമ്മപ്പെടുത്തുകയാണ്, "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട നിങ്ങൾ ഭയപ്പെടുകയും വേണ്ട." ലോകം നൽകുന്നതുപോലെയല്ല ഞാൻ നൽകുന്ന സമാധാനം. കാരണം ലോകത്തിന്റെ സമാധാനം നൈമിഷികമാണ്. എന്നാൽ ക്രിസ്തു നൽകുന്നതാകട്ടെ ആന്തരികവും, ആത്മീയവുമായ സമാധാനമാണ്. അത് ഹൃദയത്തിന്റെ സമാധാനമാണ്. അത് എന്നും നിലനിൽക്കും. ആ സമാധാനമാണ് ക്രിസ്തുവിന്റെ ജനനത്തിലും, ഉത്ഥാനത്തിനു ശേഷവും പലതവണ തന്റെ ശിഷ്യന്മാർക്ക് ആശംസിക്കുന്നതും. അതെ, ഇന്നും നമ്മിലൂടെ ജീവിക്കുന്ന ആ സമാധാനം ക്രിസ്തു തന്നെയാണ്. ആ സമാധാനം നമ്മുടെ ഹൃദയത്തിലും, ജീവിതത്തിലും നിലനിർത്തി അസ്വസ്ഥതയും, ഉത്കണ്ഠയും, ഭയവുമകറ്റി നമുക്ക് ജീവിതയാത്ര തുടരാം.

ഉത്ഥാന രഹസ്യങ്ങളുടെ ധ്യാനചിന്തകൾക്ക് വിരാമം കുറിക്കുമ്പോൾ ക്രിസ്തുവിന്റെ ഈ അമൂല്യമായ വാഗ്ദാനങ്ങളനുസരിച്ച് നമ്മുടെ ആത്മീയ ജീവിതത്തെ ക്രമപ്പെടുത്താൻ പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിധ്യവും, വാസവും നമ്മെ സഹായിക്കട്ടെ.

## ആമുഖം

പ്രിയമുള്ളവരേ, ഇന്നത്തെ തിരുവചനത്തിലൂടെ യേശുനാഥൻ പറയുന്നു: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും." വചനം പാലിക്കുന്നവർക്ക് മാത്രമേ യേശുവിന്റെ പ്രവൃത്തികൾ ചെയ്യാൻ സാധിക്കുകയുള്ളൂ. യേശുവിന്റെ പ്രവൃത്തികളെന്നാൽ കാരുണ്യ പ്രവൃത്തികളാണ്. എവിടെയാണോ നമ്മുടെ സഹായം ആവശ്യമുള്ളത് അവിടെ ഓടിയെത്തുക. അവശരിലും, ആലംബഹീനരിലും ദൈവത്തിന്റെ മുഖം ദർശിക്കുക. ഇപ്രകാരം ചെയ്യുന്നവരിലാണ് പിതാവ് വാസമുറപ്പിക്കുന്നത്. അതിനാൽ നമുക്കും ദൈവത്തെ സ്നേഹിക്കുന്നവരും, അതുവഴി ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നവരുമാകാം. അങ്ങനെ സമാധാനവും സന്തോഷവും ജീവിതത്തിലുടനീളം അനുഭവിക്കുവാൻ നമുക്ക് സാധിക്കട്ടെ. അതിനുവേണ്ട കൃപാവരങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി നമുക്ക് ഒരുങ്ങാം.

## ഒന്നാം വായന

### അപ്പസ്തോലൻമാരുടെ പ്രവർത്തനങ്ങളിൽനിന്ന് (15 : 1-2, 22-29)

*(അത്യന്താപേക്ഷിതമായ കാര്യങ്ങളല്ലാതെ വേറെ യാതൊരു ഭാരവും നിങ്ങളുടെമേൽ ചുമത്തരുതെന്ന് പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി)*

അക്കാലത്ത്, യൂദയായിൽ നിന്നു ചിലർ അവിടെ വന്ന്, മോശയുടെ നിയമമനുസരിച്ച് പരിച്ഛേദനം ചെയ്യപ്പെടാത്തപക്ഷം രക്ഷ പ്രാപിക്കുവാൻ സാധ്യമല്ല എന്നു സഹോദരരെ പഠിപ്പിച്ചു. പൗലോസും ബാർണബാസും അവരോടു വിയോജിക്കുകയും വിവാദത്തിൽ ഏർപ്പെടുകയും ചെയ്തു. തന്മൂലം ജറുസലേമിൽച്ചെന്ന് അപ്പസ്തോലന്മാരും ശ്രേഷ്ഠന്മാരുമായി ഈ പ്രശ്നം ചർച്ച ചെയ്യാൻ പൗലോസും ബാർണബാസും അവരുടെ കൂട്ടത്തിൽപ്പെട്ട മററു ചിലരും നിയോഗിക്കപ്പെട്ടു.
തങ്ങളിൽ നിന്നു ചിലരെ തെരഞ്ഞെടുത്ത് ബാർണബാസിനോടും പൗലോസിനോടുമൊപ്പം അന്ത്യോക്യായിലേക്ക് അയയ്ക്കുന്നതു നന്നായിരിക്കുമെന്ന് അപ്പസ്തോലന്മാർക്കും ശ്രേഷ്ഠന്മാർക്കും സഭയ്ക്കു മുഴുവനും തോന്നി. സഹോദരന്മാരിൽ നേതാക്കന്മാരായിരുന്ന ബാർസബാസ് എന്നുവിളിക്കുന്ന യൂദാസിനെയും സീലാസിനെയും ഒരു എഴുത്തുമായി അവർ അയച്ചു. എഴുത്ത് ഇപ്രകാരമായിരുന്നു. അപ്പസ്തോലന്മാരും ശ്രേഷ്ഠന്മാരുമായി സഹോദരന്മാർ അന്ത്യോക്യായിലെയും സിറിയായിലെയും കിലിക്യായിലെയും വിജാതിയരിൽ നിന്നുള്ള സഹോദരായ നിങ്ങൾക്ക് അഭിവാദനമർപ്പിക്കുന്നു. ഞങ്ങളിൽ ചിലർ പ്രസംഗങ്ങൾ മുഖേന നിങ്ങൾക്കു മനശ്ചാഞ്ചല്യം വരുത്തിക്കൊണ്ടു നിങ്ങളെ ബുദ്ധിമുട്ടിച്ചുവെന്ന് ഞങ്ങൾ കേട്ടു. ഞങ്ങൾ അവർക്കു യാതൊരു നിർദേശവും നൽകിയിരുന്നില്ല. അതുകൊണ്ട്, തെരഞ്ഞെടുക്കപ്പെട്ട ചിലരെ നമ്മുടെ പ്രിയപ്പെട്ട ബാർണബാസിനോടും പൗലോസിനോടുമൊപ്പം നിങ്ങളുടെ അടുക്കലേക്ക് അയയ്ക്കുന്നത് നന്നായിരിക്കുമെന്ന് ഞങ്ങൾ ഏകകണ്ഠമായി തീരുമാനിച്ചു. അവർ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തെപ്രതി സ്വന്തം ജീവനെപ്പോലും പണയപ്പെടുത്തിയിരിക്കുന്നവരാണല്ലോ. അതുകൊണ്ട്, ഞങ്ങൾ യൂദാസിനെയും സീലാസിനെയും അയച്ചിരിക്കുന്നു. ഈ കാര്യങ്ങൾ തന്നെ അവർ നിങ്ങളോടു നേരിട്ടു സംസാരിക്കുന്നതായിരിക്കും. താഴെ പറയുന്ന അത്യാവശ്യകാര്യങ്ങളെക്കാൾ കൂടുതലായി ഒരു ഭാരവും നിങ്ങളുമേൽ ചുമത്താതിരിക്കുന്നതാണു നല്ലതെന്നു പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി. വിഗ്രഹങ്ങൾക്കർപ്പിച്ച വസ്തുക്കൾ, രക്തം, കഴുത്തുഞെരിച്ചുകൊല്ലപ്പെട്ടവ, വ്യഭിചാരം എന്നിവയിൽ നിന്നു നിങ്ങൾ അകന്നിരിക്കണം. ഇവയിൽ നിന്ന് അകന്നിരുന്നാൽ നിങ്ങൾക്കു നന്ന്. മംഗളാശംസകൾ!

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

(67 : 1-2, 4, 5+7)

### ദൈവമേ, ജനതകൾ അങ്ങയെ പ്രകീർത്തിക്കട്ടെ! എല്ലാ ജനതകളും അങ്ങയെ സ്തുതിക്കട്ടെ.

ദൈവം നമ്മോടു കൃപ കാണിക്കുകയും നമ്മെ അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ! അവിടുന്നു തൻെറ പ്രീതി നമ്മുടെമേൽ ചൊരിയുമാറാകട്ടെ! അങ്ങയുടെ വഴി ഭൂമിയിലും അങ്ങയുടെ രക്ഷാകര ശക്തി സകല ജനതകളുടെയിടയിലും അറിയപ്പെടേണ്ടതിനു തന്നെ.

**ദൈവമേ, ജനതകൾ....**

ജനതകളെല്ലാം ആഹ്ലാദിക്കുകയും ആനന്ദഗാനം ആലപിക്കുകയും ചെയ്യട്ടെ! അങ്ങു ജനതകളെ നീതിപൂർവ്വം വിധിക്കുകയും ജനപദങ്ങളെ നയിക്കുകയും ചെയ്യുന്നു.

**ദൈവമേ, ജനതകൾ....**

ദൈവമേ, ജനതകൾ അങ്ങയെ പ്രകീർത്തിക്കട്ടെ! എല്ലാ ജനതകളും അങ്ങയെ സ്തുതിക്കട്ടെ! അവിടുന്നു നമ്മെ അനുഗ്രഹിച്ചു. ഭൂമി മുഴുവൻ അവിടുത്തെ ഭയപ്പെടട്ടെ!

**ദൈവമേ, ജനതകൾ....**

## രണ്ടാം വായന

### വെളിപാടിന്റെ പുസ്തകത്തിൽനിന്ന് (21 : 10-14, 22-23)

*(വിശുദ്ധനഗരം സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങുന്നത് എനിക്കു കാണിച്ചുതന്നു.)*

മാലാഖ ഉയരമുള്ള വലിയ ഒരു മലയിലേക്ക് ആത്മാവിൽ എന്നെ കൊണ്ടുപോയി സ്വർഗ്ഗത്തിൽ നിന്ന്, ദൈവസന്നിധിയിൽ നിന്ന് ഇറങ്ങിവരുന്ന വിശുദ്ധനഗരിയായ ജറുസലേമിനെ എനിക്കു കാണിച്ചു തന്നു. അതിനു ദൈവത്തിൻെറ തേജസ്സുണ്ടായിരുന്നു. അതിൻെറ തിളക്കം അമൂല്യമായ രത്നത്തിനും സൂര്യകാന്തക്കല്ലിനുമൊപ്പം. അത് സ്ഫടികം പോലെ നിർമലം. അതിനു ബൃഹത്തും ഉന്നതവുമായ മതിലും പന്ത്രണ്ടു കവാടങ്ങളും ഉണ്ടായിരുന്നു. ആ കവാടങ്ങളിൽ പന്ത്രണ്ടു ദൂതന്മാർ ഉണ്ടായിരുന്നു.

കവാടങ്ങളിൽ ഇസ്രായേൽ മക്കളുടെ പന്ത്രണ്ടു ഗോത്രങ്ങളുടെ പേരുകൾ എഴുതപ്പെട്ടിരിക്കുന്നു. കിഴക്കു മൂന്നു കവാടങ്ങൾ, വടക്കു മൂന്നു കവാടങ്ങൾ, തെക്കു മൂന്നു കവാടങ്ങൾ, പടിഞ്ഞാറു മൂന്നു കവാടങ്ങൾ. നഗരത്തിന്റെ മതിലിനു പന്ത്രണ്ട് അടിസ്ഥാനങ്ങൾ ഉണ്ടായിരുന്നു. അവയിന്മേൽ കുഞ്ഞാടിന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പേരുകളും. നഗരത്തിൽ ഞാൻ ദേവാലയം കണ്ടില്ല. എന്തുകൊണ്ടെന്നാൽ, സർവ്വശക്തനും ദൈവവുമായ കർത്താവും കുഞ്ഞാടുമാണ് അതിലെ ദേവാലയം. നഗരത്തിനു പ്രകാശം നൽകാൻ സൂര്യന്റെയോ ചന്ദ്രന്റെയോ ആവശ്യമുണ്ടായിരുന്നില്ല. ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (Jn. 14 : 23) കർത്താവ് അരുളിച്ചെയ്യുന്നു: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം അനുസരിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കയും ഞങ്ങൾ വന്ന് അവനോടുകൂടെ വാസമുറപ്പിക്കുകയും ചെയ്യും - അല്ലേലൂയാ!

## സുവിശേഷം

### യോഹന്നാന്റെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (14 : 23 - 29)

*(ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളവയെല്ലാം പരിശുദ്ധാത്മാവു നിങ്ങളെ അനുസ്മരിപ്പിക്കും)*

അക്കാലത്ത്, ഈശോ തന്റെ ശിഷ്യന്മാരോട് അരുൾ ചെയ്തു: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തു വന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും. എന്നെ സ്നേഹിക്കാത്തവനോ എന്റെ വചനങ്ങൾ പാലിക്കുന്നില്ല. നിങ്ങൾ ശ്രവിക്കുന്ന ഈ വചനം എന്റേതല്ല; എന്നെ അയച്ച പിതാവിന്റേതാണ്. നിങ്ങളോടു കൂടെ ആയിരിക്കുമ്പോൾത്തന്നെ ഇതും ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു. എന്നാൽ എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും. ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടുപോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു. ലോകം നൽകുന്നതുപോലെയല്ല ഞാൻ നൽകുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. നിങ്ങൾ ഭയപ്പെടുകയും വേണ്ടാ. ഞാൻ പോകുന്നെന്നും വീണ്ടും നിങ്ങളുടെ അടുത്തേക്കു വരുമെന്നും ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടല്ലോ. നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നുവെങ്കിൽ, പിതാവിന്റെയടുത്തേക്കു ഞാൻ പോകുന്നതിൽ നിങ്ങൾ സന്തോഷിക്കുമായിരുന്നു. എന്തെന്നാൽ പിതാവ് എന്നെക്കാൾ വലിയവനാണ്. അതു സംഭവിക്കുമ്പോൾ നിങ്ങൾ വിശ്വസിക്കേണ്ടതിന്, സംഭവിക്കുന്നതിനു മുമ്പുതന്നെ നിങ്ങളോടു ഞാൻ പറഞ്ഞിരിക്കുന്നു.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ :** പ്രിയ സഹോദരരെ, സ്നേഹിക്കാൻ നമ്മെ പഠിപ്പിക്കുകയും, നിത്യ സമാധാനത്തിലേയ്ക്ക് നമ്മെ നയിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ നമ്മുടെ എളിയ പ്രാർത്ഥനകളും, യാചനകളും, നമ്മെ തന്നെയും സമർപ്പിക്കാം.

1. സ്നേഹ പിതാവായ ദൈവമേ, തിരുസഭയെ നയിക്കുവാൻ അങ്ങ് തെരഞ്ഞെടുത്ത പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ സഭാപാലകരെയും അങ്ങേ പരിശുദ്ധാത്മാവിന്റെ കൃപകളാൽ നിറയ്ക്കണമെ. ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തെ വിശ്വാസത്തിലും വിശുദ്ധിയിലും ചേർത്തുനിർത്തി, ദൈവികസത്യങ്ങളുടെ വിശ്വസ്ത പ്രബോധകരാകുവാൻ ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. സ്നേഹ താതാ, ഈ ബലിയിൽ പങ്കുചേരുന്ന ഞങ്ങളെ ഓരോരുത്തരെയും സമർപ്പിക്കുന്നു. അങ്ങേ കല്പനകൾക്കനുസൃതമായി ജീവിച്ചുകൊണ്ട് പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ മനസ്സോടും, പൂർണ്ണ ആത്മാവോടും കൂടെ അങ്ങേ സ്നേഹത്തിൽ എന്നും നിലനിൽക്കുവാനും, അവശരിലും, ആലംബഹീനരിലും അങ്ങേ മുഖം ദർശിച്ചുകൊണ്ട് പര സ്നേഹത്തിൽ അനുദിനം വളരുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. എല്ലാ നന്മകളുടെയും ദാതാവായ ദൈവമേ, എല്ലാ കുടുംബങ്ങളെയും അങ്ങയുടെ സ്നേഹസംരക്ഷണത്തിനായി സമർപ്പിക്കുന്നു. കുടുംബത്തിന്റെ പരിശുദ്ധിക്കും, കെട്ടുറപ്പിനും എതിരായ എല്ലാ പ്രവണതകളിൽ നിന്നും എല്ലാ കുടുംബാംഗങ്ങളെയും പിന്തിരിപ്പിക്കണമെന്നും, പ്രാർത്ഥനയ്ക്ക് പ്രമുഖ സ്ഥാനം നൽകിക്കൊണ്ട് അങ്ങേ സന്തോഷത്തിലും സമാധാനത്തിലും ജീവിക്കുവാൻ ഓരോ കുടുംബങ്ങളെയും അനുഗ്രഹിക്കണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. കാരുണ്യവാനായ ദൈവമേ, മദ്യം, മയക്കുമരുന്ന്, നവമാധ്യമങ്ങളുടെ ദുരുപയോഗം എന്നിവയിലൂടെയെല്ലാം നാശത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന എല്ലാവരെയും ശക്തമായ അങ്ങേ കരങ്ങളിൽ സമർപ്പിക്കുന്നു. ഈ ലോകം വച്ചുനീട്ടുന്ന സുഖങ്ങളെല്ലാം ക്ഷണികമാണെന്ന് തിരിച്ചറിയുവാനും, ദൈവമേ, അങ്ങേ സ്വരം ശ്രവിച്ച്, നേരിന്റെ പാതയിലേയ്ക്ക് തിരികെ നടക്കാനുമുള്ള പ്രചോദനം നൽകി ഇവരെ ഈ വിപത്തിൽ നിന്നും മോചിപ്പിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. സ്വർഗ്ഗീയ ഭവനമൊരുക്കി കരുണയോടെ ഞങ്ങളെ കാത്തിരിക്കുന്ന നാഥാ, ഈ ലോകത്തിൽ അങ്ങ് ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ നിറവേറ്റി അങ്ങേ പക്കലേയ്ക്ക് യാത്രയായ എല്ലാവരുടെയും, ഏറെ പ്രത്യേകമായി പ്രാർത്ഥനാ സഹായം ലഭിക്കാതെ ശുദ്ധീകരണസ്ഥലത്ത് വേദന അനുഭവിക്കുന്നവരുടെയുംമേൽ കരുണ തോന്നണമെ. അങ്ങേ സ്നേഹത്തെ മറന്ന് ഇവർ ചെയ്തുപോയ തെറ്റുകുറ്റങ്ങളെല്ലാം പൊറുത്ത്, അങ്ങ് ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയ സമ്മാനത്തിന് ഇവരെ യോഗ്യരാക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ :** ദൈവമേ, അങ്ങയെ കൂടുതൽ സ്നേഹിക്കുവാനും, അങ്ങേ വചനം പാലിച്ചുകൊണ്ട് സമാധാനത്തിലും സന്തോഷത്തിലും ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : സി. ഷൈനി മാത്യു A. S. A.

## ഗാനങ്ങൾക്ക് (You Tube: Verbum Domini Songs)

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

### പ്രവേശന ഗാനം

വരുന്നു ഞാൻ പിതാവേ നിൻ
തിരുവുള്ളം നിറവേറ്റാൻ
തരുന്നു ഞാൻ പിതാവേ നിൻ
കരുണയെഴും കരതാരിൽ (വരുന്നു.......)

ഉരുകിയുരുകി തീരും മെഴുകിൻ
തിരികൾ പോലെ ഞാൻ (2)
അങ്ങേയ്ക്കായ് നിൻ ജനത്തിനായ്
എരിയാൻ കത്തിയെരിയാൻ
ഒരു ബലിയായ് തരുന്നു ഞാൻ
ഒരു ബലിയായ് തരുന്നു ഞാൻ
(വരുന്നു.......)

### കാഴ്ചവയ്പ് ഗാനം

ബലിയാകുവാനും ബലിയേകുവാനും
ബലിവേദിയിൽ വന്നു നിൽപ്പൂ
അലിവോടെ നാഥാ ഈ സ്നേഹയാഗം
കൈനീട്ടി വാങ്ങേണം അങ്ങ്
എല്ലാം സമർപ്പിക്കും ഞങ്ങൾ
സർവ്വേശാ പാവന ബലിയിൽ (2)
(ബലിയാകുവാനും........)

കാലവരിയിൽ ജീവനേകി
ഈശോ എൻ ജീവനെ നേടി
വേഴാമ്പലായ് കേഴുമെന്റെ
ഹൃദയത്തിൽ പനിനീരു തൂകി
പ്രാണനെ നൽകുന്ന സ്നേഹം
പൂർണ്ണത നേടിയ യാഗം
പാപികൾ നേടുന്നു പുണ്യം
വീണകൾ മീട്ടുന്നു വിണ്ണും
എല്ലാം സമർപ്പിക്കും ഞങ്ങൾ
സർവ്വേശാ പാവന ബലിയിൽ (2)

### ദിവ്യകാരുണ്യ ഗാനം

സമാധാനം നിങ്ങൾക്കരുളുന്നു ഞാൻ
എന്റെ സമാധാനം നിങ്ങൾക്കരുളുന്നു ഞാൻ
ഈ ലോകം തരുംപോലല്ല
ഞാൻ തരുവതെൻ സമാധാനം നൽകിടുന്നിതാ
(സമാധാനം...........)

ഹൃദയമൊരുനാളും കലങ്ങീടരുതേ
ചെറിയൊരജഗണമേ ഭയന്നീടരുതേ (2)
യുഗയുഗാന്ത്യത്തോളവും ഞാൻ
കൂടെയുണ്ടല്ലോ (2) (സമാധാനം...........)

കുരുവിയെപ്പോലും കരുതലോടോർക്കും
സകലമറിയും നൽ പിതാവിൻ തനയാ (2)
ദൈവരാജ്യ പ്രജകളായ
ഭാഗ്യവാന്മാരേ (2)
(സമാധാനം...........)

| May | വിശുദ്ധർ | വായനകൾ |
|---|---|---|
| 26 Mon | St. Philip Neri | Act 16: 11-15/ Ps 149: 1-2. 3-4. 5-6a and 9b/ Jn 15: 26 -- 16: 4a |
| 27 Tue | St. Augustine of Canterbury | Act 16: 22-34/ Ps 138: 1-2a. 2bc-3. 7c-8/ Jn 16: 5-11 |
| 28 Wed | Bl. Margaret Pole | Act 17: 15. 22 -- 18: 1/ Ps 148: 1-2. 11-12. 13. 14/ Jn 16: 12-15 |
| 29 Thu | St. Paul VI, Pope | Act 18: 1-8/ Ps 98: 1. 2-3ab. 3cd-4/ Jn 16: 16-20 |
| 30 Fri | St. Joan of Arc | Act 18: 9-18/ Ps 47: 2-3. 4-5. 6-7/ Jn 16: 20-23a |
| 31 Sat | St. Mechtildis | Zeph 3: 14-18 or Rom 12: 9-16b/ Is 12: 2-3. 4bcd. 5-6/ Lk 1: 39-56 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ

Radio Maria Association
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor

JESUS LOVES YOU


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.